# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3186 — 11/12/2014 -ൽ മറുപടിക്ക്

### രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർ മെയിന്റനൻസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ. | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 സാമ്പത്തിക വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ആയതിൽ നാളിതുവരെയായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി 101.17 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും 2013-14 സാമ്പത്തിക വർഷത്തിൽത്തന്നെ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് 79.44 ലക്ഷം രൂപയും യു.പി.എസുകൾക്ക് 21.73 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. |
| ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ആയതിലേക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാ ക്കുമോ; | ബി) | കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എച്ച്.സി.എൽ. ഇൻഫോസിസ്റ്റം എന്ന ഏജൻസിയെയും, യു.പി.എസി.ന്റെ അറ്റകുറ്റപ്പണികൾക്കായി ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്കായി 79.44 ലക്ഷം രൂപ ചെലവഴിച്ചു. |
| സി) യു.പി.എസ്. സംവിധാനം തകരാറിലാകുന്നത് മൂലം ജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ യു.പി.എസ്. വാങ്ങിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) | ഉണ്ട്. യു.പി.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.